(ബി) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്ക് പ്രത്യേകമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കി പ്രാബല്യത്തിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിട നിർമ്മാണ അനുമതിക്കായി നഗരസഭകളിലും പഞ്ചായത്തുകളിലും ലഭിക്കുന്ന അപേക്ഷകളിൽ ആക്ഷേപങ്ങളൊന്നും ഇല്ലാത്ത പക്ഷവും, മറ്റ് സ്ഥാപനങ്ങളിൽനിന്ന് നിരാക്ഷേപ പത്രങ്ങളൊന്നും വേണ്ടാത്ത പക്ഷവും പ്രസ്തുത അപേക്ഷ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ച് നടപടി സ്വീകരിക്കാൻ വേണ്ട സമയക്രമം നിശ്ചയിച്ച് സർക്കാരിൽനിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭകളിലും പഞ്ചായത്തുകളിലും പെർമിറ്റ് അപേക്ഷകൾ സമർപ്പിക്കുന്നതിനും അവ പരിശോധിച്ച് പെർമിറ്റ് നൽകുന്നതിനും സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. അനാവശ്യമായി അപേക്ഷകൾ കൈവശം വച്ച് കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനശക്തിപ്പെടുത്താൻ നടപടി

9(*39) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) അഴിമതി ആരോപണം സംബന്ധിച്ച എത്ര കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നുവരുന്നത്; അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കൂടുതൽ വിജിലൻസ് കോടതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ബ്യൂറോയെ അറിയിക്കാൻ എല്ലാ ഓഫീസുകളിലും ബോർഡുകൾ സ്ഥാപിക്കുകയും അതിൽ വിജിലൻസ് യൂണിറ്റ് ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം വിവരങ്ങൾ നൽകുന്നതിന് ബ്യൂറോയുടെ ആസ്ഥാനത്തും, നാല് മേഖലാ ആഫീസുകളിലും പ്രത്യേക ടെലിഫോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 29-11-2010 മുതൽ 4-12-2010 വരെ Vigilance Awareness Week സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടിയുടെ ഭാഗമായി സെമിനാറുകൾ, വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം, ഉപന്യാസമത്സരം തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തു. ഇതിലൂടെ ജനങ്ങളിൽ വിജിലൻസിനെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹായത്താൽ നടത്തിവരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നൽകുന്ന പരിശീലനത്തിന് പുറമേ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അക്കാദമിയിൽ അയച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

(സി) വിജിലൻസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫാക്സ്/സ്കാൻ മെഷീനുകൾ, വിവിധതരം ആധുനിക ക്യാമറകൾ, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഓൺലൈൻ വഴി പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ വിജിലൻസിന്റെ ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കോട്ടയത്ത് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതിയും, അഡിഷണൽ ലീഗൽ അഡ്വൈസറുടെ ഓഫീസും പുതിയതായി ആരംഭിച്ചു. ജീവനക്കാർക്ക് സി-ഡാക്ക്-ൽ കമ്പ്യൂട്ടർ പരിശീലനം നൽകി വിജിലൻസ് കേസ്/ അന്വേഷണം/രഹസ്യാന്വേഷണം/മിന്നൽ പരിശോധന എന്നിവയുടെ വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

വിജിലൻസ് വകുപ്പിൽ SPARK നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) അഴിമതി ആരോപണം സംബന്ധിച്ച 505 വിജിലൻസ് കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നുവരുന്നത്. അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയത്ത് ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിച്ചിട്ടുണ്ട്. ഒരു വിജിലൻസ് കോടതി കൂടി രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്.

കുടുംബശ്രീ മുഖേനയുള്ള പദ്ധതികൾ

10(*40) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്;

(ബി) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) കുടുംബശ്രീ സംഘടനാസംവിധാനം കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത്/നഗരസഭാ ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) സാമ്പത്തിക ശാക്തീകരണ പദ്ധതികൾ

(2) സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ

(3) പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ

(4) സാമൂഹ്യ ശാക്തീകരണ പദ്ധതികൾ

(5) സംഘടനാ ശാക്തീകരണം/പരിശീലന പരിപാടികൾ

(6) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly